"ഭരണഭാഷ - മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരളം സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം.

നമ്പർ : **DT/388/2026-A5** തീയതി : **04-04-2026**

## സർക്കുലർ

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - വകുപ്പില് ജനറല് ട്രാന്സ്ഫര് ബാധകമായ കേഡറുകളിലെ ഓണ്ലൈന് ജനറല് ട്രാന്സ്ഫര് 2026 - വിജ്ഞാപനത്തിലെ സമയക്രമം ഭേദഗതി - സംബന്ധിച്ച്.

**സൂചന:-** ട്രെയിനിംഗ് ഡയറക്ടറുടെ 12.03.2026-ലെ ഇതേ നമ്പർ വിജ്ഞാപനം

സൂചന പ്രകാരം വകുപ്പില് ജനറല് ട്രാന്സ്ഫര് ബാധകമായ 89 കേഡറുകളിലെ "ജനറല് ട്രാന്സ്ഫര് 2026"-ന് സ്പാർക്ക് മുഖേന ഓണ്ലൈന് സമ്പ്രദായത്തില് അപേക്ഷകള് ക്ഷണിച്ചിരുന്നു. 12.03.2026 വരെ പുറപ്പെടുവിച്ച 2025 ജനറൽ ട്രാൻസ്ഫറിലെ അനോമലി / ക്യൂ ലിസ്റ്റ് പ്രകാരമുള്ള ഉത്തരവുകളിലെയും, മറ്റ് പ്രൊമോഷൻ ഉത്തരവുകളിലെയും ജീവനക്കാർ സമയബന്ധിതമായി പ്രസ്തുത തസ്തികകളിലെ സേവനത്തിൽ പ്രവേശിക്കാത്തതിനാലും, ബന്ധപ്പെട്ട ഡി.ഡി.ഒ.-മാർ സ്പാർക്ക് വിവരങ്ങൾ യഥാസമയം കൈമാറാത്തതിനാലും അപ്ഡേറ്റ് ചെയ്യാത്തതിനാലും 30.03.2026 മുതൽ മാത്രമാണ് സ്പാർക്ക് മുഖേന അപേക്ഷകൾ സമർപ്പിക്കുവാൻ സാധിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ സൂചന വിജ്ഞാപനത്തിലെ ഖണ്ഡിക. 1 സമയക്രമം ചുവടെപ്പറയുന്ന പ്രകാരം ഭേദഗതി വരുത്തി നിശ്ചയിക്കുന്നു.

| | | |
|---|---|---|
| **ജീവനക്കാർ വിഞാപനത്തിലെ ഖണ്ഡിക. 6, 7, 8, 10, 11 എന്നിവ മുഴുവനും വായിച്ച ശേഷം മാത്രം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്** | | |
| 1 | a) സ്ഥലംമാറുന്നതിന് സ്പാർക്ക് മുഖേന അപേക്ഷകൾ സ്ഥാപന മേധാവികള്ക്ക് സമർപ്പിക്കേണ്ടുന്ന തീയതി | **30.03.2026** മുതൽ **18.04.2026** ഉച്ചയ്ക്ക് **12** മണി വരെ |
| | b ) പ്രയോരിറ്റി പ്രകാരം നിലവിലെ സ്ഥാപനത്തിൽ തുടരുന്നതിന് ബന്ധപ്പെട്ട രേഖകൾ സ്പാർക്കിൽ ***Submit*** ചെയ്യേണ്ടുന്ന തീയതി | |
| 2 | a) ഓൺലൈൻ അപേക്ഷയുടെ പ്രിന്റിൽ ജീവനക്കാർ ഒപ്പ് രേഖപ്പെടുത്തി *(പ്രയോരിറ്റി ഉണ്ടെങ്കിൽ രേഖകൾ സഹിതം)* സ്ഥാപന മേധാവികള്ക്ക് സമർപ്പിക്കേണ്ടുന്ന അവസാന തീയതി | **18.04.2026** ഉച്ചയ്ക്ക് **1** മണി വരെ |
| | b ) പ്രയോരിറ്റി ആനുകൂല്യത്തിൽ തുടരുന്നതിനും, സ്പെഷ്യൽ ഡിസബിലിറ്റി / കംപാഷണേറ്റ് അനുസരിച്ച് | |

| | | |
|---|---|---|
| | സ്ഥലംമാറുന്നതിനും / തുടരുന്നതിനും ആയവ തെളിയിക്കുന്ന ബന്ധപ്പെട്ട രേഖകൾ സഹിതം പ്രത്യേക മാന്വൽ അപേക്ഷ സമർപ്പിക്കേണ്ടുന്ന തീയതി | |
| **ഡി.ഡി.ഒ.-മാർ വിജ്ഞാപനത്തിലെ ഖണ്ഡിക. 6, 7, 8, 9, 12 എന്നിവ മുഴുവനും വായിച്ച ശേഷം മാത്രം അപേക്ഷകൾ ഫോർവേർഡ് ചെയ്യേണ്ടതാണ്** | | |
| 3 | സ്ഥാപന മേധാവികള്ക്ക് ലഭിച്ച ഓൺലൈൻ അപേക്ഷകൾ ഡയറക്ടറേറ്റിലേയ്ക്ക് സ്പാർക്ക് മുഖേന സമർപ്പിക്കേണ്ടുന്ന തീയതി | **30.03.2026** മുതല് **18.04.2026** ഉച്ചയ്ക്ക് **2** മണി വരെ |
| 4 | **a** ) നിർദ്ദിഷ്ട എല്ലാ ( **7** ) പ്രൊഫോർമകളും തയ്യാറാക്കേണ്ടതും, ആയതെല്ലാം ***GOOGLE FORM***-ൽ എന്റർ ചെയ്യേണ്ടതുമായ തീയതി | **18.04.2026** ഉച്ചയ്ക്ക് **1** മണി മുതൽ വൈകുന്നേരം **3** മണി വരെ മാത്രം |
| | **b** ) യഥാക്രമം ആമുഖ കത്തും, നിർദ്ദിഷ്ട 7 പ്രൊഫോർമകളും, പ്രയോരിറ്റി / സ്പെഷ്യൽ ഡിസബിലിറ്റി / കംപാഷണേറ്റ് അനുസരിച്ച് സ്ഥലംമാറുന്നതിനും / തുടരുന്നതിനും അപേക്ഷിച്ചവരുടെ മാത്രം ഓൺലൈൻ & മാന്വൽ *(ബന്ധപ്പെട്ട രേഖകൾ സഹിതം)* അപേക്ഷകളും ഒരു **"PDF"** ഫയലായി തന്നെ **itdonlinetransfer@gmail.com**-ൽ സമർപ്പിക്കേണ്ട തീയതി | **18.04.2026** ഉച്ചയ്ക്ക് **1** മണി മുതൽ വൈകുന്നേരം **4** മണി വരെ മാത്രം |

വാസുദേവന്.പി
അഡീഷണല് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

Digitally signed by
Vasudevan P
Date: 04-04-2026
11:29:18